# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത**
**നിയമസഭാ ചോദ്യം നം. 926**

**28.04.2017-ന് മറുപടിയ്ക്ക്**

## സ്കൂൾ കെട്ടിടങ്ങളുടെ സുരക്ഷ

**ചോദ്യം**

ശ്രീ.കെ.വി.അബ്ദുൾ ഖാദർ
,, കെ. കെ. രാമചന്ദ്രൻ നായർ
,, സി.കെ. ഹരീന്ദ്രൻ
,, എം. രാജഗോപാലൻ

**മറുപടി**

പ്രൊഫ. സി. രവീന്ദ്രനാഥ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| ചോദ്യം | മറുപടി |
|---|---|
| (എ) സംസ്ഥാനത്തെ സ്കൂൾ കെട്ടിടങ്ങളുടെ സുരക്ഷ പരിശോധിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇൻഡ്യൻ നാഷണൽ ബിൽഡിംഗ് കോഡ്' നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങൾ പാലിച്ചിട്ടുള്ളതാണ് സംസ്ഥാനത്തെ സർക്കാർ-എയ്ഡഡ്-സ്വകാര്യ സ്കൂൾ കെട്ടിടങ്ങളെന്ന് ഉറപ്പു വരുത്തിയിട്ടുണ്ടോ;<br><br>(ബി) ബന്ധപ്പെട്ട എഞ്ചിനീയർമാരും ഉദ്യോഗസ്ഥരും കാലാകാലങ്ങളിൽ പരിശോധിച്ച് പ്രസ്തുത മാനദണ്ഡങ്ങൾ കൃത്യമായി പാലിച്ചുകൊണ്ട് സ്കൂൾ കെട്ടിടങ്ങൾ സംരക്ഷിക്കുന്നുണ്ടെന്നു സാക്ഷ്യപ്പെടുത്താറുണ്ടോ; | (എ) & (ബി) സംസ്ഥാനത്തെ സ്കൂൾ കെട്ടിടങ്ങളുടെ സുരക്ഷ വിലയിരുത്തുന്നതിന് അതാത് വർഷം സ്കൂൾ തുറക്കുന്നതിന് മുമ്പ് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ എൻജിനീയർമാർ പരിശോധന നടത്തി ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകിവരുന്നു. കേരള വിദ്യാഭ്യാസ ചട്ടങ്ങൾ അനുസരിച്ചുള്ള മാനദണ്ഡങ്ങൾ പാലിച്ചാണ് സർക്കാർ-എയ്ഡഡ് -സ്വകാര്യ സ്കൂളുകൾ നിർമ്മിക്കപ്പെട്ടിട്ടുള്ളതെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ കാലാകാലങ്ങളിൽ പരിശോധിച്ച് സുരക്ഷ ഉറപ്പാക്കി വരുന്നു. |
| (സി) ഇക്കാര്യത്തിൽ വീഴ്ച വരുത്തുന്ന മാനേജുമെന്റുകൾക്കും ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർക്കുമെതിരെ നടപടി സ്വീകരിക്കാറുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (സി) ശ്രദ്ധയിൽപ്പെടുന്നപക്ഷം നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ